**കേരള സർക്കാർ**

**സംഗ്രഹം**

09 JUL 2018

ഉപഭോക്തൃകാര്യ വകുപ്പ് - ലീഗൽ മെട്രോളജി - പുതുതായി രൂപീകരിച്ച 14 താലൂക്കുകളിൽ ലീഗൽ മെട്രോളജി ഇൻസ്പെക്ടർ ഓഫീസ് ആരംഭിക്കുന്നതിനും വിവിധ കേഡറുകളിലായി ഇതിലേക്കാവശ്യമായ തസ്തികകൾ സൃഷ്ടിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉപഭോക്തൃകാര്യ വകുപ്പ്**

സ.ഉ.(കൈ) നം. 27/18/ഉ കാ വ                                        തീയതി, തിരുവനന്തപുരം, 6-7-2018

പരാമർശം :- ലീഗൽ മെട്രോളജി കൺട്രോളറുടെ 18-12-2017-ലെ എ 1-1058/17 നമ്പർ കത്ത്.

**ഉ ത്ത ര വ്**

സംസ്ഥാനത്ത് ഉപഭോക്തൃ സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി പുതുതായി രൂപീകൃതമായ 14 താലൂക്കുകളിൽ ഓരോ ലീഗൽ മെട്രോളജി ഇൻസ്പെക്ടർ ഓഫീസ് ആരംഭിക്കുന്നതിനും പ്രസ്തുത 14 ഓഫീസുകൾക്കുമായി വിവിധ കേഡറുകളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും ദിവസ വേതന അടിസ്ഥാനത്തിൽ ഒരോ ഓഫീസിലും ഒരു ഓഫീസ് അറ്റൻഡന്റ്, ഒരു ഫുൾ ടൈം വാച്ചർ, ഒരു കാഷ്വൽ സ്വീപ്പർ എന്നിവരെ നിയമിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം പ്രകാരം ലീഗൽ മെട്രോളജി കൺട്രോളർ ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുജനതാല്പര്യം മുൻനിർത്തി, ഉപഭോക്തൃ സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി സംസ്ഥാനത്ത് പുതുതായി രൂപീകരിക്കപ്പെട്ട കാട്ടാക്കട, വർക്കല, പത്തനാപുരം, കോന്നി, ഇടുക്കി, ചാലക്കുടി, കുന്നംകുളം, പട്ടാമ്പി, കൊണ്ടോട്ടി, താമരശ്ശേരി, ഇരിട്ടി, പയ്യന്നൂർ, വെള്ളരിക്കുണ്ട്, മഞ്ചേശ്വരം എന്നീ 14 താലൂക്കുകളിലും ഓരോ ലീഗൽ മെട്രോളജി ഇൻസ്പെക്ടർ ഓഫീസ് ആരംഭിക്കുന്നതിന് അനുമതി നൽകുന്നു. അതോടൊപ്പം ചുവടെ ചേർക്കുന്ന എണ്ണം തസ്തികകളായ

| | | |
|---|---|---|
| ഇൻസ്പെക്ടർ | - | 14 (ഒരു ഓഫീസിൽ ഒന്ന് വീതം) |
| ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് | - | 14 (ഒരു ഓഫീസിൽ ഒന്ന് വീതം) |
| ക്ലാർക്ക് | - | 14 (ഒരു ഓഫീസിൽ ഒന്ന് വീതം) |

എന്നിങ്ങനെ 42 സ്ഥിരം തസ്തികകളും കൂടാതെ ദിവസ വേതന അടിസ്ഥാനത്തിൽ

ഓരോ ഓഫീസിലും ഒരു ഓഫീസ് അറ്റൻഡന്റ്, ഒരു ഫുൾ ടൈം വാച്ചർ, ഒരു കാഷ്വൽ സ്വീപ്പർ എന്നീ തസ്തികകളും സൃഷ്ടിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം,
മിനി ആന്റണി
സെക്രട്ടറി.

ലീഗൽ മെട്രോളജി കൺട്രോളർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർ, എസ്.എ/ജി&എസ്.എസ്.എ),
കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
വെബ് ആന്റ് ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ